ഔൺഷിപ്പുകൾ, കണ്ണൂർ രാജ്യാന്തര വിമാനത്താവളം എന്നിവയാണവ. നിക്ഷേപ താല്പര്യമുള്ള പ്രവാസി മലയാളികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിക്ഷേപ സാഹചര്യങ്ങൾ പരിചയപ്പെടുത്തുന്നതിനും ഒരു കൈത്താങ്ങായി അവർക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിനുമായി നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ (NORKA Business Facilitation Centre) എന്ന ഒരു പദ്ധതി നോർക്ക വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ നോർക്ക-റൂട്ട്സ് മുഖേന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.

കൂടാതെ പ്രവാസി നിക്ഷേപം ലക്ഷ്യമിട്ട് 'ഇൻകെൽ' (INKEL), ചേരമൻ ഫിനാൻഷ്യൽ സർവ്വീസസ് എന്നീ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. അടിസ്ഥാന സൗകര്യ വികസന രംഗത്ത് ഇൻകെല്ലും പലിശരഹിത വായ്പ നൽകുന്നതിന് ചേരമൻ ഫിനാൻഷ്യൽ സർവ്വീസസും നടപടി സ്വീകരിക്കുന്നുണ്ട്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഐ.എ.വൈ. പദ്ധതി പ്രകാരം വായ്പ

1 (4036) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഐ.എ.വൈ. പദ്ധതി പ്രകാരം വായ്പ ലഭിച്ചവർക്ക് തുടർന്ന് മറ്റ് പദ്ധതികൾക്കായി വീടുവയ്ക്കുന്നതിന് ധനസഹായം പഞ്ചായത്തുവഴി കൊടുക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ വിശദീകരണം നൽകാമോ ;

(ബി) മുൻകാലങ്ങളിൽ പഞ്ചായത്തിൽനിന്നും ധനസഹായം വാങ്ങിയിട്ടുണ്ടെങ്കിൽ ആയത് തിരിച്ചടയ്ക്കുന്നതിന് പ്രത്യേക അക്കൗണ്ട് ഹെഡ്ഡോ, മാർഗ്ഗനിർദ്ദേശമോ നൽകിയിട്ടുണ്ടോ ; ഇങ്ങനെ തുക അടയ്ക്കേണ്ടിവരുന്നെങ്കിൽ ആർക്കാണ് അടയ്ക്കേണ്ടത് എന്നറിയിക്കാമോ ; ഇത്തരം ധനസഹായം ലഭിച്ച പാവങ്ങൾക്ക് പുനർ ധനസഹായം നൽകുന്നതിന് പഞ്ചായത്തുകൾക്ക് അനുമതി നൽകാമോ ?

ഉത്തരം

(എ) ഐ.എ.വൈ.-യുടെ മാർഗ്ഗനിർദ്ദേശപ്രകാരം ഒരു തവണ ഭവന നിർമ്മാണ ധനസഹായം ലഭിച്ചാൽ അടുത്ത 12 വർഷത്തേക്ക് ഈ പദ്ധതിയിൽ ഭവന നിർമ്മാണ

LIBRARY ARCHIVES Kerala Legislative Assembly

ധനസഹായം നൽകുവാൻ സാധിക്കുകയില്ല. ഇന്ദിര ആവാസ് യോജന പ്രകാരം നിർമ്മിക്കുന്ന വീടുകൾ മിനിമം 30 വർഷം ഈട് നിൽക്കത്തക്കരീതിയിൽ നിർമ്മിക്കണമെന്നും മാർഗ്ഗനിർദ്ദേശമുണ്ട്. ആയതിനാൽ ഐ.എ.വൈ. പ്രകാരം വീട് നിർമ്മിച്ച കുടുംബത്തിന് നിലവിൽ വാസയോഗ്യമായ വീടുള്ളതിനാൽ മറ്റൊരു വീടിന്റെ ആവശ്യം ഉണ്ടാകുന്നില്ല.

(ബി) ഭവന നിർമ്മാണത്തിനായി ധനസഹായം നൽകുന്ന പദ്ധതിയാണ് ഐ.എ.വൈ. ഈ പദ്ധതി മുഖേന നൽകുന്ന തുക വായ്പയായല്ല, മറിച്ച് പൂർണ്ണമായും ധനസഹായമാണ്. അതിനാൽതന്നെ തുക തിരിച്ചടയ്ക്കുന്നതിന് പ്രത്യേക മാർഗ്ഗനിർദ്ദേശം നൽകിയിട്ടില്ല. ഏതെങ്കിലും കാരണത്താൽ തിരിച്ചടയ്ക്കേണ്ടിവന്നാൽ ആയത് ബ്ലോക്കിൽ നേരിട്ട് അടയ്ക്കാവുന്നതാണ്. ഇങ്ങനെ പണം തിരിച്ചടയ്ക്കുന്ന ഗുണഭോക്താവിന് വീണ്ടും ഭവന നിർമ്മാണ ധനസഹായത്തിനായി ഗ്രാമസഭ അംഗീകരിക്കുന്ന ലിസ്റ്റിൽ ഉൾപ്പെട്ടാൽ അർഹതാമാനദണ്ഡമനുസരിച്ച് ഭവന നിർമ്മാണ ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.

ഹിൽ ഏരിയ ഡെവലപ്മെന്റ് അതോറിറ്റിവഴി അനുവദിച്ച റോഡുകൾ

2 (4037) ശ്രീ. കെ. കഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹിൽ ഏരിയ ഡെവലപ്മെന്റ് അതോറിറ്റിവഴി, സംസ്ഥാനത്ത് അനുവദിച്ച റോഡുകൾ എത്രയെന്ന് വ്യക്തമാക്കാമോ ; ആയതിന്റെ പട്ടിക ലഭ്യമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹിൽ ഏരിയ ഡെവലപ്മെന്റ് അതോറിറ്റിവഴി സംസ്ഥാനത്ത് നബാർഡ് ആർ.ഐ.ഡി.എഫ്. റോഡ് പ്രവൃത്തിയിൽ ഉൾപ്പെടുത്തി 88 റോഡുകളും സംസ്ഥാന വിഹിത പദ്ധതിയിൽ ഉൾപ്പെടുത്തി 2013-14 സാമ്പത്തിക വർഷത്തിൽ 47 റോഡ് പ്രവൃത്തികളും 2014-15 സാമ്പത്തിക വർഷത്തിൽ 70 റോഡ് പ്രവൃത്തികളും അനുവദിച്ചിട്ടുണ്ട്. ആയതിന്റെ പട്ടിക അനുബന്ധമായി കൊടുത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly